*⇨ ഇന്റലിജൻസ് അക്കമിട്ട് പറയുന്നവരിൽ ഈ ലേഖകന്റെയും പേരുണ്ട് ⇨*

## ഇന്റലിജൻസ് ബ്യൂറോ റിപ്പോർട്ട്:

# മഹാവിഡ്ഢിത്തം കൊണ്ട് രാജഭക്തി കാണിക്കുന്നവർ

ജി.ഡി.പി നിരക്ക് കുറക്കുന്നതിലുള്ള സർക്കാരേതര സംഘടനകളുടെ പങ്ക് സംബന്ധിച്ച് ഇന്റലിജൻസ് ബ്യൂറോ പ്രധാനമന്ത്രിയുടെ ഓഫീസിന് സമർപ്പിച്ച റിപ്പോർട്ടിൽ ജനകീയ സമരങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിവധ പ്രസ്ഥാനങ്ങളും സാമൂഹിക പ്രവർത്തകരും ഉൾപ്പെട്ടിട്ടുണ്ടെന്ന വാർത്ത പുറത്തുവന്നിരിക്കുന്നു. ഇന്ത്യയുടെ ഇന്റലിജൻസ് സംവിധാനത്തിന്റെ 'ഇന്റലിജൻസ്നെ' സംശയിക്കേണ്ട ഈ റിപ്പോർട്ടിനെക്കുറിച്ച് ഐ.ബിയുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ആണവവിരുദ്ധ പ്രവർത്തകൻ

**കെ. സഹദേവൻ**

**ഇന്ത്യയുടെ** ഗാർഹിക ഉത്പാദന നിരക്ക് രണ്ട് മുതൽ മൂന്ന് ശതമാനം വരെ കുറക്കുന്നതിൽ സർക്കാരേതര സംഘടനകളുടെ പങ്ക് സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഇന്റലിജൻസ് ബ്യൂറോ ഈ മാസം ആദ്യം പ്രധാനമന്ത്രിയുടെ ഓഫീസിന് സമർപ്പിച്ച റിപ്പോർട്ട് ദേശീയതലത്തിൽ തന്നെ സംവാദത്തിന് വിഷയമായിരിക്കുകയാണ്. ഗ്രീൻപീസ് അടക്കമുള്ള സന്നദ്ധ സംഘടനകളെ പേരെടുത്ത് പ്രതിപാദിക്കുന്ന റിപ്പോർട്ടിൽ ആണവ വിരുദ്ധ പ്രസ്ഥാനങ്ങൾ, കൽക്കരി ഇന്ധനമായി പ്രവർത്തിക്കുന്ന താപനിലയങ്ങൾക്കെതിരെ നടക്കുന്ന പ്രക്ഷോഭങ്ങൾ, ജനിതികമാറ്റം വരുത്തിയ വിളകൾക്കെതിരായ പ്രക്ഷോഭങ്ങൾ തുടങ്ങി ഇന്ത്യയിലെ വിവിധ ജനകീയ പ്രക്ഷോഭങ്ങളെ ഈ റിപ്പോർട്ടിൽ കുറ്റപ്പെടുത്തുന്നുണ്ട്. ഇന്ത്യയിലെ വികസന പദ്ധതികൾക്കെതിരെ പടനയിക്കുന്ന പ്രധാനപ്പെട്ട പ്രവർത്തകരുടെ ലിസ്റ്റും ഐബി നൽകിയിട്ടുണ്ട്. നർമ്മദാ ബചാവോ ആന്ദോളൻ പ്രവർത്തക മേധാപട്കർ, ആണവ വിരുദ്ധ പ്രവർത്തകരായ ഡോ. സുരേന്ദ്ര ഗാഡേക്കർ, ഡോ. എസ്.പി. ഉദയകുമാർ, മുൻ നാവികസേനാ ചീഫ് അഡ്മിറൽ രാംദാസ്, പ്രശസ്ത പത്രപ്രവർത്തകൻ പ്രഫുൽ ബിദ്വായ്, പ്രമുഖ സാമൂഹ്യശാസ്ത്രജ്ഞനും ജവഹർലാൽ നെഹ്രു യൂനിവേർസിറ്റിയിലെ പ്രൊഫസറുമായിരുന്ന അച്ചിൻ വനായ്ക് തുടങ്ങി അമ്പതോളം പേരാണ് റിപ്പോർട്ടിൽ എടുത്തു പറഞ്ഞിരിക്കുന്നത്. ആണവ വിരുദ്ധ പ്രസ്ഥാനങ്ങളുടെ മേഖലാപ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നവരെന്ന് ഇന്റലിജൻസ് അക്കമിട്ട് പറയുന്നവരിൽ ഈ ലേഖകന്റെയും പേരുണ്ട്.

ഇന്ത്യയുടെ സാമ്പത്തിക വികസനത്തിന് തടയിടുന്നതിന് വിദേശശക്തികൾ ശ്രമിക്കുന്നുവെന്നും അതിന് ഇന്ത്യയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗ്രീൻപീസ് അടക്കമുള്ള സംഘടനകൾക്ക് അവർ സാമ്പത്തിക സഹായം നൽകുന്നുവെന്നുമാണ് ഇന്റലിജെൻസ് റിപ്പോർട്ടിലെ പ്രധാന ആരോപണം. ഗ്രീൻപീസിനെ കൂടാതെ കൂടങ്കുളം ആണവ വിരുദ്ധ പ്രക്ഷോഭത്തിന് ചുക്കാൻ പിടിക്കുന്ന പീപ്പ്ൾസ് മൂവ്മെന്റ് എഗേൻസ്റ്റ് ന്യൂക്ലിയർ എനർജി, നാഷണൽ അലയൻസ് ഓഫ് പീപ്പ്ൾസ് മൂവ്മെന്റ് (NAPM), കൊയിലിഷൻ ഫോർ ന്യൂക്ലിയർ ഡിസാർമമെന്റ് ആന്റ് പീസ് (CNDP), പീപ്പ്ൾസ് യൂനി

⇨ ഈ നിഗമനത്തിന് എന്തുതരം സാമ്പത്തിക യുക്തിയാണ് ഇന്റലിജെൻസ് ഉദ്യോഗസ്ഥന്മാർ സ്വീകരിച്ചിരിക്കുന്നത് ⇨

യൻ ഫോർ സിവിൽ ലിബർട്ടീസ് (PUCL), ഇൻസാഫ് തുടങ്ങിയ സംഘടനകളെയും വിദേശസാമ്പത്തിക സഹായം ലഭിക്കുന്ന സംഘടനകളുടെ പട്ടികയിൽ പെടുത്തിയിട്ടുണ്ട്. ഒറീസ്സയിലെ പോസ്കോ വിരുദ്ധ പ്രക്ഷോഭം, വേദാന്ത കമ്പനിക്കെതിരായ പ്രക്ഷോഭം എന്നിവയുടെ പ്രധാന പ്രവർത്തകരെയും ഐബി റിപ്പോർട്ടിൽ പരാമർശിക്കുന്നു.

രാജാവിനെക്കാൾ വലിയ രാജഭക്തിയുണ്ടെന്ന് കാണിക്കാനാണ് ഐബി ഉദ്യോഗസ്ഥർ മോദി സർക്കാർ അധികാരത്തിലെത്തിയ ഉടൻ തന്നെ ഇത്തരമൊരു റിപ്പോർട്ട് തയ്യാറാക്കി പ്രധാനമന്ത്രിയുടെ ഓഫീസിന് നൽകിയത് എന്ന് വ്യക്തമാണ്. ഇരുപത്തിയൊന്ന് പേജ് വരുന്ന റിപ്പോർട്ടിൽ പ്രത്യേക പരാമർമശമായി ഗുജറാത്തിൽ നടക്കുന്ന വൻ ജനകീയ പ്രക്ഷോഭങ്ങളെക്കുറിച്ചും അവയുടെ വിദേശബന്ധങ്ങളെക്കുറിച്ചും സാമാന്യം വിശദമായി തന്നെ പ്രതിപാദിക്കുന്നുണ്ട്. മോദി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് മേൽപ്പറഞ്ഞ ജനകീയ പ്രക്ഷോഭങ്ങൾ തടസ്സമാകുമെന്നും അതുകൊണ്ടുതന്നെ അവയ്ക്ക് കൂച്ചുവിലങ്ങിടേണ്ടതുണ്ടെന്നും യജമാനന് മുന്നറിയിപ്പു നൽകുകയായിരുന്നു റിപ്പോർട്ടിന്റെ ഉദ്ദേശം.

ഇന്റലിജെൻസ് റിപ്പോർട്ടിൽ പരാമർശിക്കുന്ന സംഘടനകളിൽ വിദേശ ഫണ്ട് സ്വീകരിക്കുന്നവരാരാണെന്ന് വെളിപ്പെടുത്തേണ്ടത് അവർ തന്നെയാണ്. ലഭിക്കുന്ന ഫണ്ട് നിയമവിരുദ്ധമായി ചെലവഴിക്കപ്പെടുന്നുണ്ടെങ്കിൽ അത്തരം സംഘടനകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നുതന്നെയാണ് എന്റെയും അഭിപ്രായം. അത്തരത്തിൽ നിയമവിരുദ്ധമായ രീതിയിൽ വിദേശ ഫണ്ട് സ്വീകരിക്കുകയും തെറ്റായ രീതിയിൽ ചെലവഴിക്കുകയും ചെയ്യുന്നത് തടയാനും അവരുടെ വിദേശപ്പണത്തിന്റെ വരവ് തടയാനും ഒക്കെ നിലവിലുള്ള നിയമങ്ങൾ തന്നെ ധാരാളമാണെന്ന ഉത്തമബോദ്ധ്യമുണ്ടായിട്ടും അത്തരം നടപടികൾ സ്വീകരിക്കാതെ ഈരീതിയിൽ ഒരു റിപ്പോർട്ട് തയ്യാറാക്കാനും അതീവ രഹസ്യസ്വഭാവമുള്ളതെന്ന് അവർ പറയുന്ന റിപ്പോർട്ട് പത്രങ്ങൾക്ക് ചോർത്തിനൽകുന്നതിനും പിറകിലെ ഉദ്ദേശമെന്താണെന്ന് പകൽപോലെ വ്യക്തമാണ്. പൊതുരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളെയും വ്യക്തികളെയും സംശയത്തിന്റെ മുനയിൽ നിർത്തുക. ഇന്ത്യയിൽ നടക്കുന്ന ജനവിരുദ്ധ വികസന പ്രവർത്തനങ്ങൾക്കെതിരെ ശക്തമായിക്കൊണ്ടിരിക്കുന്ന ജനകീയ പ്രക്ഷോഭങ്ങൾ മുഴുവൻ വിദേശ ഗൂഢാലോചനയുടെ ഭാഗമാണെന്ന് വരുത്തിത്തീർക്കുക. പക്ഷേ ഇത്തരമൊരു റിപ്പോർട്ട് തയ്യാറാക്കിയതിലൂടെ ഇന്ത്യയുടെ ഇന്റലിജെൻസ് സംവിധാനത്തിന്റെ 'ഇന്റലിജെൻസിനെ' സംബന്ധിച്ച് സംശയം ഉയരുകയാണ്. റിപ്പോർട്ടിലെ പരാമർശങ്ങളിലൂടെ ഒന്ന് കടന്നുപോകാം.

ആണവോർജ്ജം അടക്കമുള്ള ഇന്ത്യയിലെ വികസന പദ്ധതികൾക്കെതിരെ പ്രക്ഷോഭം നടത്തുക വഴി 2 മുതൽ 3 ശതമാനം വരെ വാർഷിക വളർച്ചാ നിരക്കിൽ കുറവ് വന്നിട്ടുണ്ടെന്നാണ് റിപ്പോർട്ട് പറയുന്നത്. നിലവിലെ കണക്കുകൾ അനുസരിച്ച് ഈ തുക 2 മുതൽ 3 ലക്ഷം കോടി രൂപയാണ്. കഴിഞ്ഞ പത്തുവർഷമായി നടക്കുന്ന പ്രക്ഷോഭ പ്രവർത്തനങ്ങളുടെ ഫലമായി ഒരേകദേശ കണക്കെടുത്തു നോക്കിയാൽ ഇന്റലിജെൻസ് റിപ്പോർട്ട് അനുസരിച്ച് 25 ലക്ഷം കോടി രൂപയുടെ സാമ്പത്തിക നഷ്ടമാണ് ഏതാനും വിരലിലെണ്ണാവുന്ന സംഘടനകളും വ്യക്തികളും രാജ്യത്തിനുണ്ടാക്കിയിരിക്കുന്നത്! ഇത്തരമൊരു നിഗമനത്തിലേക്കെത്താൻ എന്തുതരം സാമ്പത്തിക യുക്തിയാണ് ഇന്റലിജെൻസ് ഉദ്യോഗസ്ഥന്മാർ സ്വീകരിച്ചിരിക്കുന്നത് എന്നുമാത്രം ചോദിക്കരുത്. കഥയിൽ ചോദ്യമില്ല.

ആണവ വിരുദ്ധ പ്രവർത്തകരുടെ പട്ടിക നൽകിയതിൽ 11 പേർ വിദേശയാത്രകൾ നടത്താറുണ്ടെന്നതാണ് അടുത്ത കണ്ടുപിടുത്തം. കേട്ടാൽതോന്നും വിദേശയാത്രകൾ ഏതാനും രാഷ്ട്രീയ നേതാക്കൾക്കും ഉദ്യോഗസ്ഥന്മാർക്കുമായി സംവരണം ചെയ്യപ്പെട്ടിട്ടുണ്ടെന്ന്! ഇനി പതിനൊന്ന് പേരുകളിൽ പെടുത്താവുന്നവർ ആരൊക്കയാണെന്നുകൂടി നോക്കാം. അഡ്മിറൽ രാംദാസ്, ഇന്ത്യൻ നാവിക സേനയുടെ മുൻ മേധാവിയാണിദ്ദേഹം. ലോകം മുഴുവൻ അറിയപ്പെടുന്ന പത്രപ്രവർത്തകനാണ് പ്രഫുൽ ബിദ്വായ്, നിരവധി അന്താരാഷ്ട്ര കോൺഫറൻസുകളിൽ പങ്കെടുക്കുന്ന സാമൂഹ്യശാസ്ത്രജ്ഞനും ജവഹർലാൽ നെഹ്രു യൂനിവേർസിറ്റിയിലെ പ്രൊഫസറുമായ അച്ചിൻ വനായ്ക്... ഇങ്ങനെ നീളുന്നു വിദേശയാത്ര നടത്തുന്നവരെ സംബന്ധിച്ച ഐബി ലിസ്റ്റ്!.

കൂടങ്കുളം ആണവ നിലയത്തിനെതിരായുള്ള പ്രക്ഷോഭ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഡോ. എസ്.പി. ഉദയകുമാറിനെതിരെ  രൂക്ഷമായ ആരോപണങ്ങളാണ് റിപ്പോർട്ടിൽ ഉന്നയിക്കുന്നത്. വിദേശ സർവ്വകലാശാലയുമായുള്ള അദ്ദേഹത്തിന്റെ ബന്ധം, ജർമ്മൻ സ്വദേശിയുമായുള്ള ബന്ധം തുടങ്ങി നിരവധി ആരോപണങ്ങൾ ഉദയകുമാറിനെതിരായി നിരത്തുന്നുണ്ട്. ഡോ. മൻമോഹൻ സിംഗ്

*⇨ സുമൻ സഹായ്, കവിത കറുഗന്തി എന്നീ ആക്ടിവിസ്റ്റുകളെയും പേരെടുത്ത് തന്നെപറയുന്നുണ്ട് ⇨*



**പത്തുവർഷമായി നടക്കുന്ന പ്രക്ഷോഭ പ്രവർത്തനങ്ങളുടെ ഫലമായി ഒരേകദേശ കണക്കു നോക്കിയാൽ ഇന്റലിജെൻസ് റിപ്പോർട്ട് അനുസരിച്ച് 25 ലക്ഷം കോടി രൂപയുടെ സാമ്പത്തിക നഷ്ടമാണ് വിരലിലെണ്ണാവുന്ന സംഘടനകളും വ്യക്തികളും രാജ്യത്തിനുണ്ടാക്കിയിരിക്കുന്നത്!**

പ്രധാനമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹം സ്വയം തന്നെ ഇത്തരമൊരാരോപണം ഉന്നയിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഡോ. ഉദയകുമാർ അയച്ച കത്തിന് നാളിതുവരെയും പ്രതികരണം ഉണ്ടായിട്ടില്ല. ആഭ്യന്തരമന്ത്രാലയം യാതൊരുവിധ നിയമനടപടികളും ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടില്ല!.

ജനിതക മാറ്റം വരുത്തിയ വിളകൾക്കെതിരെ പ്രക്ഷോഭപ്രവർത്തനങ്ങളിൽ ഏർപ്പെട്ട സംഘടനകളെയും വ്യക്തികളെയും റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. നവധാന്യ, ASHA, IFSFതുടങ്ങിയ സംഘടനകളും സുമൻ സഹായ്, കവിത കറുഗന്തി എന്നീ ആക്ടിവിസ്റ്റുകളെയും പേരെടുത്ത് തന്നെപറയുന്നുണ്ട്. രാജ്യത്തിന്റെ വികസന മുരടിപ്പിന് കാരണക്കാരായി ഇവരെ ചൂണ്ടിക്കാട്ടുമ്പോൾ ഇന്റലിജെൻസ് ഏമാന്മാർ ഈ ലിസ്റ്റിൽ ഉൾപ്പെടുത്താൻ വിട്ടുപോയ രണ്ട് സ്ഥാപനങ്ങൾ കൂടിയുണ്ട്. ഇന്ത്യയുടെ പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മറ്റിയും സുപ്രീം കോടതിയുടെ വിദഗ്ദ്ധ സമിതിയുമാണിവ. കാരണം ജനിത വിളകൾ നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് മേൽപ്പറഞ്ഞ സംഘടനകൾ നൽകിയ റിപ്പോർട്ടിനോട് ലോക്സഭയുടെ സ്റ്റാൻഡിംഗ് കമ്മറ്റിയും (ആഗസ്ത് 9, 2012), സുപ്രീം കോടതി നിയോഗിച്ച വിദഗ്ദ്ധ സമിതിയും (ഒക്ടോബർ 7, 2012) അനുകൂല നിലപാട് സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തിക വളർച്ചാനിരക്ക് കുത്തനെ കുറച്ചതിൽ മേൽപ്പറഞ്ഞ ഭരണഘടനാ സ്ഥാപനങ്ങളെയും പ്രതിപ്പട്ടികയിൽ ചേർക്കാൻ ഇന്റലിജെൻസ് ശ്രദ്ധിക്കേണ്ടിയിരുന്നു.

വിദേശഫണ്ടിംഗിനെക്കുറിച്ച് വേവലാതിപ്പെടുന്ന ഐബി ഏതൊക്കെ പ്രക്ഷോഭങ്ങളെയാണ് പ്രതിപ്പട്ടികയിൽ ചേർക്കുന്നത് എന്നതും ശ്രദ്ധിക്കേണ്ടതാണ്. വൻതോതിലുള്ള വിദേശ സാങ്കേതിക സഹായവും വിദേശ ഇടപെടലും നടക്കുന്ന ഇന്ത്യയിലെ ആണവോർജ്ജ മേഖല, വേദാന്ത, പോസ്കോ പോലുള്ള കമ്പനികൾക്കെതിരായി നടക്കുന്ന പ്രക്ഷോഭങ്ങൾ, നമ്മുടെ കാർഷികമേഖലയെ പൂർണ്ണമായും വിദേശ കുത്തകൾക്ക് തുറന്നുകൊടുക്കുന്ന ജനിതക സാങ്കേതികവിദ്യകൾക്കെതിരായി നടക്കുന്ന പ്രക്ഷോഭങ്ങൾ... ഇന്ത്യയുടെ പ്രതിരോധമേഖലയടക്കം നൂറുശതമാനം വിദേശനിക്ഷേപത്തിനായി തുറന്നുകൊടുക്കാൻ നിശ്ചയിച്ചിരിക്കുന്ന സർക്കാറിനെ ആനന്ദിപ്പിക്കാൻ ഇതിലും നല്ലൊരു റിപ്പോർട്ട് ഇന്റലിജെൻസ് ഉദ്യോഗസ്ഥന്മാർക്ക് തയ്യാറാക്കാൻ പറ്റില്ല.

ഇന്ത്യയിലെ സാമാന്യ ജനതയെ കൂടുതൽ കൂടുതൽ ദുരിതങ്ങളിലേക്കും ആശ്രിതത്വത്തിലേക്കും തള്ളിവിടുന്ന സാമ്പത്തിക -വികസന നയങ്ങൾക്കെതിരെ അതിശക്തമായ ചെറുത്തുനിൽപ്പുകൾ വരാനിരിക്കുന്നതേയുള്ളൂ. വിദേശഫണ്ടിംഗിന്റെ പേരിൽ അത്തരം പ്രക്ഷോഭങ്ങളെ താറടിച്ചുകാണിക്കാൻ നടത്തുന്ന ആസൂത്രിത ശ്രമങ്ങളുടെ ഭാഗം മാത്രമാണ് ഈ റിപ്പോർട്ട് എന്നുള്ളത് സുവ്യക്തമാണ്. വിദേശഫണ്ടിംഗ് സ്വീകരിച്ചുകൊണ്ടുള്ള രാഷ്ട്രീയ-സാമൂഹ്യ പ്രവർത്തനം ആവശ്യമോ എന്ന് അത് സ്വീകരിക്കുന്ന സംഘടനകൾ ആലോചിക്കണം. അതിലെ അരാഷ്ട്രീയതയെ സംബന്ധിച്ച രാഷ്ട്രീയ സംവാദങ്ങൾ വിപുലമാക്കണം എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതേസമയം, സാമ്പത്തിക വളർച്ചയിലുണ്ടായ ഗണ്യമായ കുറവുകളെ സംബന്ധിച്ച യഥാർത്ഥ കാരണങ്ങളെക്കുറിച്ച് അന്വേഷണങ്ങളിൽ ഏർപ്പെടാതെ ഏതാനും എൻ.ജി.ഒകളെ ഉത്തരവാദികളായി ചിത്രീകരിച്ചുകൊണ്ടുള്ള ഇന്റലിജെൻസ് ബ്യൂറോ റിപ്പോർട്ട് ഫലത്തിൽ ജനവിരുദ്ധ വികസന പ്രവർത്തനങ്ങൾക്കെതിരെ നടക്കുന്ന പ്രക്ഷോഭങ്ങളെ തകർക്കാനുദ്ദേശിച്ചുകൊണ്ടുള്ളവ തന്നെയാണ്. ■